വരുന്നു. കൂടാതെ ഈ പദ്ധതി പ്രകാരം ഓരോ വർഷവും വരിക്കുന്ന വിഹിതത്തിന്റെ 20 ശതമാനം വരെ പാവപ്പെട്ടവരുടെ നിലവിലുള്ള വാസയോഗ്യ മല്ലാത്ത വീടുകളുടെ പുനരുദ്ധാരണത്തിനോ, ക്രെഡിറ്റ് കം സബ്സിഡി ഭവന നിർമ്മാണ പദ്ധതിക്കോ ചെലവഴിക്കാവുന്നതാണ്. ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. നടപ്പ് വർഷവും ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) ഗ്രാമീണ സ്വയംതൊഴിൽ പദ്ധതിയായ സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന 1999-2000 സാമ്പത്തിക വർഷം മുതൽ നടപ്പാക്കിവരുന്നു. ഇത് ഇപ്പോഴും തുടർന്നു വരുന്നു. ഈ പദ്ധതിയുടെ 75% കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ട്.

ഗ്രാമവികസന വകുപ്പിന്റെ ഇടുക്കി ജില്ലയിലെ വികസന പദ്ധതികൾ

145 [1978] *ശ്രീ. ഇ. എം. അഗസ്തി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമ വികസന വകുപ്പിൽ നിന്നും ഇടുക്കി ജില്ലയിൽ എന്തെല്ലാം വികസന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ പൂർത്തീകരിച്ചവ ഏതെല്ലാമെന്നും ഇനി പൂർത്തീകരിക്കാനുള്ളവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) ഇനി തുടങ്ങുവാനുള്ള പദ്ധതികൾ ഏതെല്ലാമെന്ന് ഇനം തിരിച്ച് വെളിപ്പെടുത്താമോ;

(ഡി) ഓരോ ഇനത്തിലും, എത്ര രൂപ വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതു സംബന്ധിച്ചുള്ള ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) 2001-2002 മുതൽ 2005 ജൂൺ വരെ ഇടുക്കി ജില്ലയിൽ ഗ്രാമവികസന വകുപ്പുമുഖേന നടപ്പിലാക്കിയ വിവിധ കേന്ദ്രാവിഷ്കൃത ഗ്രാമവികസന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു †.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇടുക്കി ജില്ലയിലെ തൊടുപുഴ പട്ടണത്തിന് ചുറ്റുമുള്ള ഗ്രാമീണ മേഖലയിൽ റോഡ്, ആരോഗ്യം, ടെലികമ്മ്യൂണിക്കേഷൻ, വിദ്യാഭ്യാസം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള "പുര" എന്ന പദ്ധതി

† അനുബന്ധം XV.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. മറ്റുള്ള പദ്ധതികൾ തുടർ പദ്ധതികളാണ്.

(ഡി) പദ്ധതി തിരിച്ചുള്ള ചെലവ് സംബന്ധിച്ച വിവരം അനുബന്ധത്തിലെ 7-ാം കോളത്തിൽ കൊടുത്തിട്ടുണ്ട്.†

(ഇ) മേൽപ്പറഞ്ഞ കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാം കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് നടപ്പിലാക്കുന്നത്. ഇവ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ പ്രത്യേക ഉത്തരവുകൾ ആവശ്യമില്ല.

പയ്യന്നൂർ ക്ലസ്റ്ററിന്റെ 'പുര' പദ്ധതി

146 [1979] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊവിഷൻ ഫോർ അർബൻ അമിനിറ്റീസ് ഇൻ റൂറൽ ഏരിയാസ് 'പുര' എന്ന കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ പദ്ധതി കേരളത്തിൽ എവിടെയൊക്കെയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായുള്ള പ്രോജക്ട് റിപ്പോർട്ടുകളെല്ലാം കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് സമർപ്പിക്കുകയും പ്രസ്തുത പദ്ധതികൾക്കെല്ലാം അംഗീകാരം ലഭ്യമാവുകയും ചെയ്യുകയുണ്ടായോ എന്ന് വ്യക്തമാക്കാമോ;

(സി) പയ്യന്നൂർ ക്ലസ്റ്ററിന്റെ 'പുര' പദ്ധതിക്കായി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് അതേപടി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അംഗീകരിക്കുകയുണ്ടായോ എന്ന് വിശദമാക്കുമോ;

(ഡി) എങ്കിൽ 'പുര' പദ്ധതിയിലൂടെ പയ്യന്നൂർ ക്ലസ്റ്ററിൽ എന്തു തുകയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) കേന്ദ്ര മാനവ വികസന മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ച പയ്യന്നൂർ ക്ലസ്റ്ററിന്റെ പ്രോജക്ട് റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 'പുര' പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് കേരളത്തിലെ ചുവടെ ചേർത്തിരിക്കുന്ന ചെറുപട്ടണങ്ങൾക്കു ചുറ്റുമുള്ള ഗ്രാമപ്രദേശങ്ങളിലാണ്.

	ജില്ല	*തെരഞ്ഞെടുക്കപ്പെട്ട ചെറുപട്ടണങ്ങൾ*
1.	ആലപ്പുഴ	കായംകുളം
2.	ഇടുക്കി	തൊടുപുഴ

† അനുബന്ധം XV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-XV

[21-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത 1978-ാം നമ്പർ ചോദ്യം സദയം കാണുക]

2001-2002 മുതൽ 2005 ജൂൺ വരെ ഇടുക്കി ജില്ലയിൽ ഗ്രാമവികസന വകുപ്പു നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളും വർഷം തിരിച്ചുള്ള ചെലവും

(₹ in Lakhs)

Sl. No.	*Programme*	*2001-02*	*2002-03*	*2003-04*	*2004-05*	*2005-06 (Upto June 2005)*	*Schemewise Total*
1	IAY (both New Houses and Upgradation)	291.98	226.20	134.95	249.97	110.62	1013.72
2	JGSY & EAS	749.17	634.07	..	..	..	1383.24
3	SGRY (I&II)	..	..	643.05	2169.68	185.88	2998.61
4	SGSY	103.74	80.25	100.64	59.66	4.70	348.99
5	Total Sanitation Campaign	4.48	6.00	32.78	86.00	0.88	131.14
6	IWDP/HARIYALI	56.88	38.79	43.07	63.54	4.41	206.69
7	PMGSY (Since inception)	..	..	..	..	156.02	156.02

LIBRARY ARCHIVES Kerala Legislative Assembly